// വളരെ അടിയന്തിരം //

ഭരണഭാഷ - മാതൃഭാഷ

നം.എച്ച് (3)/74214/13

പൊതുവിദ്യാഭ്യാസ ഡയറക്ടറേറ്റ്
തിരുവനന്തപുരം, തീയതി: 11.10.2013

പൊതുവിദ്യാഭ്യാസ ഡയറക്ടർ
തിരുവനന്തപുരം

എല്ലാ ജില്ലാ വിദ്യാഭ്യാസ ആഫീസർമാർക്കും

സർ,

വിഷയം: പൊ.വി.- നവംബർ 1 മലയാളം - ശ്രേഷ്ഠഭാഷാദിനമായി ആചരിക്കുന്നത് - സംബന്ധിച്ച്

സൂചന: ബഹുമാനപ്പെട്ട ഗ്രാമവികസന/സാംസ്ക്കാരിക വകുപ്പ് മന്ത്രിയുടെ 9.10.2013 ലെ കത്ത്.

.............

ഇതോടൊപ്പം നൽകുന്ന സൂചനാ കത്തിലേയ്ക്ക് അടിയന്തിര ശ്രദ്ധ ക്ഷണിക്കുന്നു. 2013 നവംബർ 1 മുൻവർഷങ്ങളിൽ നിന്നും വ്യത്യസ്തമായി മലയാളം ശ്രേഷ്ഠ ഭാഷാ ദിനമായി ആചരിക്കുവാൻ സർക്കാർ തലത്തിൽ തീരുമാനിച്ചിരിക്കുന്ന വിവരം അറിയിക്കുന്നു. അന്നേദിവസം സംസ്ഥാനത്ത് പ്രവർത്തിക്കുന്ന എല്ലാ വിദ്യാലയങ്ങളിലും എടുക്കേണ്ട പ്രതിജ്ഞയുടെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു. താങ്കളുടെ അധികാര പരിധിയിലുള്ള എല്ലാ സ്ക്കുളുകളിലും ഈ പ്രതിജ്ഞ എടുക്കുന്നതിന് ആവശ്യമായ സത്വര നടപടികൾ സ്വീകരിക്കേണ്ടതാണ്.

വിശ്വസ്തതയോടെ,

പൊതു വിദ്യാഭ്യാസ ഡയറക്ടർക്കുവേണ്ടി

കെ.എസ്/11.10.13

No. 1316/VIP/13/M CRD, P&O

7425/VIP/CM/2013

കെ. സി. ജോസഫ്
ഗ്രാമവികസനവും ആസൂത്രണവും
സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി
കേരളം

03.10.2013

M (Education)
Urgent N/A

# കുറിപ്പ്

ഉദ്യോഗസ്ഥഭരണപരിഷ്കാര (ഔദ്യോഗിക ഭാഷ) വകുപ്പിന്റെ ആഭിമുഖ്യത്തിൽ എല്ലാ വർഷവും നവംബർ 1 മലയാളദിനവും, ഔദ്യോഗികഭാഷാ വാരവുമായി സംസ്ഥാന -ജില്ലാ ഗ്രാമ പഞ്ചായത്ത് തലങ്ങളിൽ ആഘോഷിച്ചു വരുന്നു.

മലയാളത്തിന് 'ശ്രേഷ്ഠഭാഷാ പദവി' ലഭിച്ച സാഹചര്യത്തിൽ ഈ വർഷം മുതൽ നവംബർ 1-ാം തീയതിയിലെ മലയാളദിനം "മലയാളം-ശ്രേഷ്ഠഭാഷാ ദിന" മായി ആഘോഷിക്കാൻ ബഹു. മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ വിവിധ ഭാഷാ വിദഗ്ദ്ധർ, സാഹിത്യ നായകന്മാർ, സാംസ്കാരിക പ്രവർത്തകർ എന്നിവരുടെ യോഗം തീരുമാനമെടുത്തിരുന്നു. നവംബർ 1- ന് സംസ്ഥാന തലത്തിൽ തിരുവനന്തപുരത്തും മറ്റ് ജില്ലകളിലും മലയാളഭാഷയെ സംബന്ധിച്ച സെമിനാറുകളും മറ്റും നടത്താൻ തീരുമാനിച്ചിട്ടുണ്ട്.

അതോടൊപ്പം സംസ്ഥാനത്തെ എല്ലാ വിദ്യാലയങ്ങളിലും നവംബർ 1-ന്, "മലയാളം-ശ്രേഷ്ഠഭാഷാദിനം" സമുചിതമായി ആഘോഷിക്കണമെന്നും, രാവിലെ വിദ്യാലയങ്ങളിൽ പ്രത്യേകം പ്രതിജ്ഞ എടുക്കണമെന്നും തീരുമാനിച്ചിട്ടുണ്ട്.

ഈ സാഹചര്യത്തിൽ നവംബർ 1- ന് "മലയാളം- ശ്രേഷ്ഠ ഭാഷാദിന"മായി സംസ്ഥാനത്തെ എല്ലാ വിദ്യാലയങ്ങളിലും ആഘോഷിക്കുന്നതിനും, പ്രതിജ്ഞ എടുക്കുന്നതിനും, 'മലയാളം - ശ്രേഷ്ഠ ഭാഷാദിനം' എല്ലാ സർക്കാർ - അർദ്ധ സർക്കാർ സ്ഥാപനങ്ങളിലും ആഘോഷിക്കുന്നതിനും വേണ്ട നിർദ്ദേശം നൽകാവുന്നതാണ്.

കെ.സി. ജോസഫ്

ശ്രീ. ഉമ്മൻചാണ്ടി
ബഹു.മുഖ്യമന്ത്രി

കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്
*(കേരള സർക്കാർ – സാംസ്കാരികവകുപ്പ്)*
നാളന്ദ, തിരുവനന്തപുരം

## പ്രതിജ്ഞ

മലയാളം എന്റെ മാതൃഭാഷയാണ്. മലയാളം ശ്രേഷ്ഠഭാഷയായതിൽ ഞാൻ അഭിമാനിക്കുന്നു. എന്റെ ഭാഷയുടെ പാരമ്പര്യവും മഹത്വവും ഉയർത്തിപ്പിടിക്കുന്നതിനുവേണ്ടി ഞാൻ അങ്ങേയറ്റം അർപ്പണബോധത്തോടുകൂടി പ്രവർത്തിക്കും. മലയാളത്തിന്റെ സർവപുരോഗതിക്കും വികസനത്തിനുമായി ഞാൻ എന്റെ കഴിവുകൾ പരമാവധി പ്രയോജനപ്പെടുത്തും. അനവധി ശ്രേഷ്ഠ ഗ്രന്ഥങ്ങളാലും അനുസ്യൂതമായ സംസ്കൃതിയാലും അനുഗ്രഹിക്കപ്പെട്ട് മാതൃഭാഷ എന്റെ ജീവനും സമ്പത്തുമാകുന്നു.